**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4733** **02-07-2024 - ൽ മറുപടിയ്ക്ക്**

**വേമ്പനാട്ടു കായലിലെ മത്സ്യസമ്പത്ത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വേമ്പനാട്ട് കായലിലെ മത്സ്യസമ്പത്ത് ക്രമാതീതമായി കുറയുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ഉണ്ട്. ടി വിഷയത്തിൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 2020 ൽ സർക്കാർ രൂപീകരിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ ആയത് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിന്റെ ഭാഗമായി കോട്ടയം ജില്ലയിൽ വേമ്പനാട്ട് കായലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് 'ഇന്റഗ്രേറ്റഡ് ഫിഷറീ റിസോഴ്സ് മാനേജ്മെന്റ് ഇൻ ഇൻലാൻഡ് അക്വാട്ടിക് ഇക്കോസിസ്റ്റംസ് 2022-25' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ഭാഗമായി ജില്ലയിൽ കായലുമായി ബന്ധപ്പെട്ട് കിടക്കുന്നതും അല്ലാത്തതുമായ വിവിധ കടവുകളിലായി മത്സ്യവിത്ത് നിക്ഷേപം നടത്തുകയും, ചീപ്പിങ്കൽ, വെച്ചൂർ എന്നീ മേഖലകളിൽ 6 മത്സ്യസങ്കേതങ്ങളും 6 കക്ക സങ്കേതങ്ങളും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ മത്സ്യ നമ്പത്ത് വർദ്ധിപ്പിക്കാൻ സാധിച്ചു. കൂടാതെ കായൽ പട്രോളിംഗ് വളരെ ശക്തമായ രീതിയിൽ നടത്തുകയും, അതുവഴി അനധികൃത മത്സ്യബന്ധനം കണ്ടെത്തി തടയുകയും, കായലിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ സാഹചര്യം ഉണ്ടാക്കുകയും ചെയ്യുന്നു.<br><br>ആലപ്പുഴ ജില്ലയിൽ ടി പദ്ധതിയുടെ ഭാഗമായി വേമ്പനാട് കായലിൽ വിവിധ പഞ്ചായത്തുകളുടെ പരിധിയിൽ 14 മൽസ്യസങ്കേതങ്ങളും 11 കക്ക റിലേയിങ് യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. ടി മൽസ്യസങ്കേതങ്ങളും കക്ക റിലേയിങ് യൂണിറ്റുകളും മൽസ്യങ്ങൾക്ക് പ്രജനനത്തിന് ആവശ്യമായ ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതുമൂലം മത്സ്യ സമ്പത്തിന്റെ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ടി പദ്ധതിക്കായി 2022-23 സാമ്പത്തികവർഷം 50,15,304/- രൂപയും 2023-24 സാമ്പത്തികവർഷം 21,60,791/- രൂപയും ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ ജില്ലാപഞ്ചായത്ത് പദ്ധതി, 'ഇന്റഗ്രേറ്റഡ് ഫിഷറീ റിസോഴ്സ് മാനേജ്മെന്റ് ഇൻ ഇൻലാൻഡ് അക്വാട്ടിക് ഇക്കോസിസ്റ്റംസ്' എന്നീ പദ്ധതികൾ വഴി എല്ലാവർഷവും തെരഞ്ഞെടുക്കപ്പെട്ട കടവുകളിൽ മൽസ്യവിത്ത് നിക്ഷേപവും നടത്തിവരുന്നു. 2022-24 കാലയളവിൽ 1 ലക്ഷം പൂമീൻ, 1 ലക്ഷം കരിമീൻ, 16 ലക്ഷം കാർപ് എന്നീ ഇനത്തിൽപ്പെട്ട മൽസ്യക്കുഞ്ഞുങ്ങളെയും 24 ലക്ഷം കാര ചെമ്മീൻ കുഞ്ഞുങ്ങളെ ഇന്റഗ്രേറ്റഡ് പദ്ധതി വഴിയും, ജില്ലാപഞ്ചായത്ത് വഴി ഓരോ വർഷവും വികസന ഫണ്ടിൽ 10 ലക്ഷം രൂപ ചെലവഴിച്ച് കരിമീൻ, പൂമീൻ, കാര ചെമ്മീൻ, കാർപ് മത്സ്യ ഇനങ്ങളെ വിവിധ കടവുകളിലായി നിക്ഷേപിക്കാൻ സാധിച്ചു.<br><br>അനധികൃത മൽസ്യബന്ധനത്തിലൂടെ മൽസ്യസമ്പത്ത് കുറയുന്നത് തടയുന്നതിനായി ഇൻലാൻഡ് പട്രോളിങ് കായലിലും ഉൾനാടൻ ജലാശയത്തിലും നടപ്പിലാക്കുന്നുണ്ട്. ഇതിലേക്ക് ജില്ലയ്ക്ക് പട്രോളിങ് ബോട്ട് അനുവദിച്ചിട്ടുണ്ട്. 2023-24 കാലയളവിൽ 159 പട്രോളിങ് നടത്തുകയും 2,88,000/- രൂപ ഫൈൻ ഇനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം നാളിതുവരെ 69 പട്രോളിങ് നടത്തുകയും 1,53,000/- രൂപ ഫൈൻ ഇനത്തിൽ ഈടാക്കുകയും ചെയ്തു.<br><br>നടപ്പ് വർഷം 'ഇന്റഗ്രേറ്റഡ് ഫിഷറീ റിസോഴ്സ് മാനേജ്മെന്റ് ഇൻ ഇൻലാൻഡ് അക്വാട്ടിക് ഇക്കോസിസ്റ്റം', കായൽ പട്രോളിംഗ് എന്നിവക്കായി 400 ലക്ഷം രൂപയുടെ പദ്ധതി ഫിഷറീസ് ഡയറക്ടർ തയ്യാറാക്കി വരുന്നു. |
| (ബി) | കായലിൽ അനിയന്ത്രിതമായി അടിഞ്ഞുകൂടിയിരിക്കുന്ന എക്കൽമണ്ണും ചെളിയും മാറ്റി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | വേമ്പനാട്ട് കായൽ പാരിസ്ഥിതിക വീണ്ടെടുക്കൽ യജ്ഞം പരിപാടിയുടെ ഭാഗമായി കുമരകം പഞ്ചായത്തിൽ വേമ്പനാട്ട് കായലുമായി ബന്ധപ്പെട്ട് കിടക്കുന്ന തോടുകളിലെ എക്കൽ മണ്ണും ചെളിയും നീക്കം ചെയ്ത് ആഴം കൂട്ടുന്നതിന് 32.88 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇത് പുഴകളിലെയും വേമ്പനാട്ട് കായലിലെയും മത്സ്യസമ്പത്ത് വർദ്ധിക്കുന്നതിന് സഹായിച്ചിട്ടുണ്ട്. ചെമ്പ് പഞ്ചായത്തിൽ ടി പദ്ധതി 2024-25 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനായി 23.4 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ഫിഷറീസ് ഡയറക്ടർ തയ്യാറാക്കി വരുന്നു.<br><br>വേമ്പനാട്ട് കായലുമായി ബന്ധപ്പെട്ട് കിടക്കുന്ന ആലപ്പുഴ ജില്ലയിലെ തോടുകളിലും കനാലുകളിലും അടിഞ്ഞു കൂടിയ എക്കൽ, പ്ലാസ്റ്റിക് മാലിന്യം തുടങ്ങിയവ നീക്കം ചെയ്യുന്നതിന് 2022-23 വർഷം |

| | | | |
|---|---|---|---|
| | | | വിവിധ പഞ്ചായത്തുകൾക്ക് (കൈനകരി, പാണാവള്ളി, ചേന്നംപള്ളിപ്പുറം, മുട്ടാർ, കാവാലം) 66,29,117/- രൂപ കൈമാറിയിട്ടുണ്ട്. 2023-24 വർഷം ജില്ലയ്ക്ക് ഈ ആവശ്യത്തിലേയ്ക്കായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിൽ 35,15,982/- രൂപ എഴുപുന്ന പഞ്ചായത്തിനും, 28,15,183.25 രൂപ വയലാർ പഞ്ചായത്തിനും അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ ജില്ലയിൽ വേമ്പനാട്ട് കായലുമായി ബന്ധപ്പെട്ടിരിക്കുന്ന തോടുകളിലെ എക്കലും പ്ലാസ്റ്റിക്ക് മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഇത് വഴി മത്സ്യസമ്പത്ത് വർദ്ധിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ